**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **22-07-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് എവിടെയാണ്; ഓഫീസ് കെട്ടിടം വാടകയ്ക്കാണോ പ്രവർത്തിക്കുന്നതെന്നും എത്ര രൂപയാണ് പ്രതിവർഷം വാടകയിനത്തിൽ നൽകുന്നതെന്നും എന്നു മുതലാണ് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതെന്നും ഇതുവരെ നൽകിയ ആകെ വാടക എത്രയാണെന്നും അറിയിക്കാമോ; | (എ) | 2015 ൽ പ്രവർത്തനമാരംഭിച്ച നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് വണ്ടൂർ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിലാണ്. ബ്ലോക്ക് ഓഫീസ് സൗജന്യമായാണ് കെട്ടിടം നൽകിയിരിക്കുന്നത് എന്നതിനാൽ വാടകയിനത്തിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല. |
| (ബി) | നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസിന്റെ പ്രവർത്തനം നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ എന്നാണ് അപേക്ഷ സമർപ്പിച്ചതെന്നും ആർക്കാണ് അപേക്ഷ നൽകിയതെന്നും അറിയിക്കാമോ; അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | അപേക്ഷ സമർപ്പിച്ചിരുന്നു. നിലമ്പൂരിൽ പണി പൂർത്തിയായ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷനിൽ 1000 ചതുരശ്ര അടി വിസ്താരമുള്ള ഒരു മുറി അനുവദിക്കണമെന്ന് അപേക്ഷിച്ച് നിലമ്പൂർ താലൂക്ക് ഉപജില്ലാ വ്യവസായ ഓഫീസർ നിലമ്പൂർ തഹസീൽദാർക്ക് 26.02.2020 തീയതിയിൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | താലൂക്ക് ആസ്ഥാനമായ നിലമ്പൂരിൽ പ്രവർത്തിക്കേണ്ട താലൂക്ക് വ്യവസായ ഓഫീസ് മറ്റൊരിടത്ത് പ്രവർത്തിപ്പിക്കുന്നതിന് പിന്നിൽ ചില ഉദ്യോഗസ്ഥരുടെ നിക്ഷിപ്ത താൽപര്യങ്ങളുണ്ടോ; ചില ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലമാണോ നിലമ്പൂരിലേക്ക് വ്യവസായ ഓഫീസ് മാറ്റുന്നതിന് അപേക്ഷ നൽകുന്നതിൽ പോലും വീഴ്ചയുണ്ടാകാൻ കാരണമെന്ന് വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | നിലമ്പൂരിൽ അടുത്ത് തന്നെ നിർമ്മാണം തുടങ്ങാൻ പോകുന്ന റവന്യൂ ടവറിലേക്ക് താലൂക്ക് വ്യവസായ ഓഫീസ് മാറ്റുന്നതിന് നടപടി സ്വീകരിക്കുകയോ തഹസിൽദാർക്ക് അപേക്ഷ നൽകുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ ഒഴിവില്ലെന്നും നിർമ്മാണം തുടങ്ങാൻ പോകുന്ന റവന്യൂ ടവറിൽ 74.36 ചതുരശ്ര മീറ്റർ (800 ft) സ്ഥലം വ്യവസായ ഓഫീസിനു വേണ്ടി നീക്കി വച്ചിട്ടുണ്ടെന്നും നിലമ്പൂർ തഹസീൽദാർ അറിയിച്ചിട്ടുണ്ട്. നിലമ്പൂർ താലൂക്ക് തലത്തിൽ പ്രവർത്തിക്കേണ്ട നിലമ്പൂർ താലൂക്ക് വ്യവസായ കേന്ദ്രത്തിന്റെ സുഗമമായ |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തിന് നിലമ്പൂർ മിനി സിവിൽസ്റ്റേഷനിൽ 1000 ചതുരശ്ര അടി വിസ്താരമുള്ള ഒരു മുറി ലഭ്യമാക്കുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

411003/2021/CRU DICMPM

നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ്,
വണ്ടൂർ പി. ഒ., തീയതി: 26.02.2020
ഇ.മെയിൽ : tionnilm@gmail.com

പ്രേഷകൻ
ഉപജില്ലാ വ്യവസായ ഓഫീസർ

സ്വീകർത്താവ്
തഹസിൽദാർ,
താലൂക്ക് ഓഫീസ്
നിലമ്പൂർ.

സർ,

വിഷയം - വ്യവസായം - താലൂക്ക് വ്യവസായ ഓഫീസ് നിലമ്പൂർ - നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ ഓഫീസിന് സ്ഥലം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന - ഈ ഓഫീസിലെ 02/08/2018 ാം തിയതിയിലെ ഇതേ നമ്പർ കത്ത്.

-----

മേൽ സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2015-ൽ പുതിയതായി നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ് തുടങ്ങാൻ അനുമതി ലഭിച്ച സമയത്ത് നിലമ്പൂർ താലൂക്കിൽ സ്ഥലം ലഭ്യമാകാത്തതിനാൽ നിലമ്പൂരിൽ നിന്നും 14 കിലോമീറ്റർ ദൂരത്തുള്ള വണ്ടൂർ ബ്ലോക്കിന്റെ ഒരു ചെറിയ റൂമിൽ (400 സ്ക്വയർ ഫീറ്റ്) ആണ് പ്രവർത്തനം തുടങ്ങിയത്. ഈ ഓഫീസിൽ നിലവിൽ ഉപജില്ലാ വ്യവസായ ഓഫീസർ, നിലമ്പൂർ വണ്ടൂർ, കാളികാവ് ബ്ലോക്കുകളുടെ വ്യവസായ വികസന ഓഫീസർമാർ, സീനിയർ ക്ലാർക്ക്, എൽ. ഡി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികയിലുള്ള ഉദ്യോഗസ്ഥർ ജോലി ചെയ്ത് വരുന്നു. നിലമ്പൂർ താലൂക്ക് തലത്തിൽ പ്രവർത്തിയ്ക്കേണ്ട ഈ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് ഇത്രയും ദൂരത്തായത് കാരണം ഓഫീസ് ആവശ്യങ്ങൾക്കായി വരുന്ന സംരംഭകരും, മറ്റ് വ്യവസായികളും ഓഫീസിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. നിലവിൽ ഓഫീസ് പ്രവർത്തിക്കുന്ന റൂമിൽ ആവശ്യത്തിന് സ്ഥല സൗകര്യം ഇല്ലാത്തത് കാരണം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വയ്ക്കാനോ, ആവശ്യാനുസരണം ഫയലുകൾ സൂക്ഷിയ്ക്കുവാനോ സാധിക്കുന്നില്ല. കൂടാതെ വ്യവസായ സംരംഭകർക്കുള്ള ഒരു സ്വയം സഹായ കേന്ദ്രവും (കിയോസ്ക്) ഈ ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. താലൂക്ക് തലത്തിൽ പ്രവർത്തിയ്ക്കേണ്ട ഈ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലമ്പൂരിൽ പണി പൂർത്തിയായ നിർദിഷ്ട മിനി സിവിൽ സ്റ്റേഷനിൽ 1000 സ്ക്വയർ ഫീറ്റ് വിസ്താരമുള്ള ഒരു മുറി അനുവദിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ഉപജില്ലാ വ്യവസായ ഓഫീസർ
നിലമ്പൂർ താലൂക്ക്

Section officer